LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും ദുർബല വിഭാഗ പുനരധിവാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക
2013-14	1,500	1504.48
2014-15	1,000	268.66

പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി

290 (2846) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി പ്രകാരം 2013-14 വർഷം എത്ര നിയോജകമണ്ഡലങ്ങളിൽ പദ്ധതി പ്രവർത്തനം പൂർത്തിയായിട്ടുണ്ടെന്നും ഓരോ പദ്ധതിയിലും എത്ര തുക വീതം ചെലവായിട്ടുണ്ടെന്നും അവ ഓരോന്നും ഏത് ഏജൻസികൾ വഴിയാണ് നടപ്പിലാക്കിയതെന്നും ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിലാണ് പദ്ധതി പൂർത്തിയാകാതെ അവശേഷിക്കുന്നതെന്നും പൂർത്തിയാകാതിരിക്കുവാനുള്ള കാലതാമസത്തിന് കാരണങ്ങളെന്താണെന്നും വ്യക്തമാക്കാമോ ;

(സി) 2014-15 വർഷം പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ?

ഉത്തരം

(എ) 2012-13-ൽ ആരംഭിച്ച് 2013-14-ൽ ആറന്മുള മാവേലിക്കര (LS), ഇടുക്കി (LS), പിറവം, ആലുവ, പറവൂർ എന്നീ മണ്ഡലങ്ങളിൽ പ്രവർത്തനം പൂർത്തിയായിട്ടുണ്ടെങ്കിലും അവസാന ബിൽ നിർവ്വഹണ ഏജൻസി നൽകിയിട്ടില്ല

മണ്ഡലം	ജില്ല	അനുവദിച്ച തുക	ഏജൻസിയുടെ പേര്
ആറന്മുള	പത്തനംതിട്ട	65,00,000	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ
മാവേലിക്കര (ലോക് സഭാ മണ്ഡലം)	കൊല്ലം	65,00,000	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ
ഇടുക്കി (ലോക് സഭാ മണ്ഡലം)	ഇടുക്കി	90,00,000	കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ
പിറവം	എറണാകുളം	65,00,000	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ
ആലുവ	എറണാകുളം	65,00,000	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ
പറവൂർ	എറണാകുളം	65,00,000	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ

മറ്റ് കോളനികളിൽ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) മാവേലിക്കര (LS), ഇടുക്കി (LS), ആറന്മുള പിറവം, ആലുവ, പറവൂർ എന്നീ പ്രവർത്തനം പൂർത്തിയാക്കിയ മണ്ഡലങ്ങൾ ഒഴികെയുള്ളവയിൽ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(സി) ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെയും നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗം വിളിച്ച് പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി വിഭാഗങ്ങളിൽനിന്നും മതപരിവർത്തനത്തിലൂടെ ക്രൈസ്തവരായവരുടെ ആനുകൂല്യങ്ങൾ

291 (2847) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly